# പത്മിനി വർക്കി അനുസ്മരണവും പുരസ്കാര വിതരണവും



2019 ലെ പത്മിനി വർക്കി അനുസ്മരണം എം.എൽ.എ വി.കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്യുന്നു.



2020 ലെ പത്മിനി വർക്കി പുരസ്കാരം ജെസ്സി ഇമ്മാനുവലിന് മന്ത്രി ടി.എം. തോമസ് ഐസക് നൽകുന്നു

ദേവകി വാര്യർ സ്മാരക സ്ത്രീ പഠനശാക്തീകരണ കേന്ദ്രം സംഘടിപ്പിച്ച 2019 ലെ പത്മിനി വർക്കി അനുസ്മരണസമ്മേളനം എം.എൽ.എ. വി. കെ. പ്രശാന്ത് ഉദ്ഘാടനം ചെയ്തു. മികച്ച സാമൂഹ്യ പ്രവർത്തകയ്ക്കുള്ള 2019 ലെ പത്മിനി വർക്കി പുരസ്കാരം തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊലേസ് എന്ന സംഘടനയുടെ സെക്രട്ടറി ഷീബ അമീറിന് മുൻ മന്ത്രി പി.കെ. ശ്രീമതി സമ്മാനിച്ചു. 25000 രൂപയും ഫലകവും അടങ്ങുന്നതാണ് പത്മിനി വർക്കി പുരസ്കാരം.
ദീർഘകാല ചികിത്സ ആവശ്യമായ കുട്ടികൾക്ക് ചികിത്സ സഹായം, വിദ്യാഭ്യാസം പുനരധിവാസം, എന്നിവ ലക്ഷ്യമാക്കുന്ന സംഘടനയാണ് സൊലേസ്. പഠനകേന്ദ്രം പ്രസിഡന്റ് അനസൂയ അധ്യക്ഷയായി. കേരളത്തിലെ മാറിവരുന്ന 'കുടുംബ ബന്ധങ്ങൾ' എന്ന വിഷയം ആർ. രാധാകൃഷ്ണൻ അവതരിപ്പിച്ചു. പത്മിനി വർക്കിയെ അനുസ്മരിച്ച് പ്രഭാഷണം നടത്തി. ആർ പാർവതി ദേവി അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി. ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറി വി. അമ്പിളി, ഡോ. എം.ആർ. രാജഗോപാൽ എന്നിവർ സംസാരിച്ചു.
2020 ലെ പത്മിനി വർക്കി പുരസ്കാരം ജീവകാരുണ്യ പ്രവർത്തക ജസി ഇമ്മാനുവലിന് സമ്മാനിച്ചു. ദേവകി വാര്യർ സ്ത്രീ പഠനകേന്ദ്രത്തിൽ നടന്ന ചടങ്ങിൽ മന്ത്രി ടി.എം. തോമസ് ഐസക്ക് പുരസ്കാരം സമ്മാനിച്ചു. ആലപ്പുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്നേഹജാലകം എന്ന സന്നദ്ധ സംഘടനയുടെ വളന്റിയർ ആണ് ജസി ഇമ്മാനുവേൽ. 2013 ൽ സ്നേഹജാലകം പാലിയേറ്റീവ്കെയർ സ്ഥാപിക്കപ്പെട്ട കാലം മുതൽ ഗൃഹ സന്ദർശനം നടത്തുന്ന വളന്റിയർ ടീമിലെ അംഗമാണ് ജെസ്സി ഇമ്മാനുവൽ. നന്മ ചെയ്യുന്നതിലൂടെ സന്തോഷം കണ്ടെത്തുന്ന ജസിയെപ്പോലെയുള്ളവരെ സമൂഹം മാതൃകയാക്കണമെന്ന് മന്ത്രി തോമസ് ഐസക്ക് പറഞ്ഞു.



2021 ലെ പത്മിനി വർക്കി പുരസ്കാരം ദീപ ജോസഫിന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി നൽകുന്നു

2021 ലെ പത്മിനി വർക്കി പുരസ്കാരം കേരളത്തിലെ ആദ്യ വനിത ആംബുലൻസ് ഡ്രൈവർ ദീപ ജോസഫിന് മന്ത്രി വി. ശിവൻകുട്ടി സമ്മാനിച്ചു. ഡോ. ആർ.ബി. രാജലക്ഷ്മി രചിച്ച 'രാമാനുജനും ലൂമിനോസിറ്റി ഓഫ് തീയറ്റർ' എന്ന ഇംഗ്ലീഷ് പുസ്തകം മിനി സുകുമാറിന് ആദ്യപ്രതി നൽകിക്കൊണ്ട് പ്രകാശനവും ചടങ്ങിൽ മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിച്ചു. ദേവകി വാര്യരെ കുറിച്ചുള്ള കഥാപ്രസംഗം ദേവകിവാര്യർ സ്മാരക ലൈബ്രറി കമ്മിറ്റി അംഗമായ സ്നേഹലത അവതരിപ്പിച്ചു. ചടങ്ങിൽ ട്രസ്റ്റ് പ്രസിഡന്റ് അനസൂയ അധ്യക്ഷയായി. സെക്രട്ടറി ടി. രാധാമണി, ഗീതാനസീർ ആർ. പാർവതി ദേവി എന്നിവർ പങ്കെടുത്തു.
2022 ലെ പത്മിനിവർക്കി പുരസ്കാരം മഞ്ചേരിയിൽ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്ന റിട്ട. അധ്യാപിക പി. ഗൗരിക്ക് മന്ത്രി ആർ ബിന്ദു സമ്മാനിച്ചു. ഡോ. ആർ.ബി. രാജലക്ഷ്മി അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി. ഡോ. എം. ആർ. രാജഗോപാൽ പത്മിനിവർക്കി അനുസ്മരണ പ്രഭാഷണം നടത്തി. അനസൂയ, ടി. രാധാമണി, സജിതാ ഇളമൺ എന്നിവർ സംസാരിച്ചു. 'അവൾ തീയാകുമ്പോൾ' എന്ന കഥാപ്രസംഗം ദേവകി വാര്യർ സ്മാരക ലൈബ്രറി കമ്മിറ്റി അംഗമായ സ്നേഹലത അവതരിപ്പിച്ചു.



ലൈബ്രറി കമ്മിറ്റിയംഗം സ്നേഹലത കഥാപ്രസംഗം അവതരിപ്പിക്കുന്നു



2022 ലെ പത്മിനിവർക്കി പുരസ്കാരം മന്ത്രി ആർ. ബിന്ദു പി ഗൗരീച്ചറിന് സമർപ്പിക്കുന്നു.

# ശ്രീമതിടീച്ചറെ അനുമോദിച്ചു



ദേവകി വാര്യർ സ്മാരക ട്രസ്റ്റിന്റെ പേട്രണായ ശ്രീമതി ടീച്ചറെ അനുമോദിക്കുന്നു

ദേവകി വാര്യർ സ്മാരക ട്രസ്റ്റിന്റെ പേട്രണായ ശ്രീമതി ടീച്ചർ അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷന്റെ അഖിലേന്ത്യ പ്രസിഡന്റ് ആയി തെരഞ്ഞെടുത്തപ്പോൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ടീച്ചറെ അനുമോദിച്ചു. ഡോ. ടി.ഗീതാകുമാരി ടീച്ചറിനെ സദസ്സിനു പരിചയപ്പെടുത്തി. ദേവകിവാര്യർ സ്മാരക അന്തേവാസിയായ നേഹ ടീച്ചറിന് ഉപഹാരം സമർപ്പിച്ചു. ദേവകിവാര്യർ സ്മാരക പ്രസിഡന്റ് അനസൂയ, സെക്രട്ടറി ടി. രാധാമണി, ജോയിന്റ് സെക്രട്ടറി സജിത ഇളമൺ എന്നിവർ പങ്കെടുത്തു.

## ഭരണഘടന സംരക്ഷണ സദസ്സ്

ദേവകി വാര്യർ സ്മാരക ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ഭരണഘടന സംരക്ഷണ സദസ്സ് സംഘടിപ്പിച്ചു. ടി. രാധാമണി വിഷയം അവതരിപ്പിക്കുകയും ഭരണഘടനാ ആമുഖം വായിക്കുകയും ചെയ്തു. ഗ്രന്ഥശാല പ്രസിഡന്റ് ശാരദാമ്മ അധ്യക്ഷയായി. സജിത ഇളമൺ, ഭാനുമതി, അനിൽ കുമാർ, സുഭദ്രാമ്മ, ഷീല രോസാരിയോ എന്നിവർ സംസാരിച്ചു.




## ശ്രദ്ധ

**സൗജന്യ ഉച്ചഭക്ഷണം**

തിരുവനന്തപുരം മെഡിക്കൽകോളേജിൽ 'ശ്രദ്ധ'യുടെ ആഭിമുഖ്യത്തിൽ എല്ലാ ബുധനാഴ്ചയും ഉച്ചയ്ക്ക് സൗജന്യമായി ഭക്ഷണം വിതരണം ചെയ്തുവരുന്നു. സുമനസ്സുകളുടെ സഹായം ഉള്ളതുകൊണ്ടാണ് ഞങ്ങൾക്കിത് സാധ്യമാകുന്നത്. ഈ കാരുണ്യസേവനപ്രവർത്തനത്തിൽ പങ്കാളിയാകുവാൻ താല്പര്യമുള്ളവരെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സംഭാവന നൽകുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

**അക്കൗണ്ട് നമ്പർ : 57000699425, IFSC Code: SBIN0070028**
**എസ്.ബി.ഐ, സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം**

